LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കൊച്ചി നഗരത്തിന്റെ അടിസ്ഥാന വികസന സൗകര്യങ്ങളായ ശുദ്ധജലവിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്കായി എ.ഡി.ബി.-യുടെ സഹായത്തോടെ 296 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ ക്യാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റിന്റെ മാതൃകയിൽ തിരുവനന്തപുരത്ത് മുഖ്യമന്ത്രി ചെയർമാൻ ആയി ബന്ധപ്പെട്ട മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന ക്യാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റ് കമ്മിറ്റിയുണ്ട്. അതേ മാതൃകയിൽ കൊച്ചി നഗരസഭയുടെ, കൊച്ചി ഏരിയയുടെ, സമഗ്രമായ വികസനത്തിനായി ഒരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൊച്ചി നഗരത്തിൽ ശാസ്ത്രീയമായ നിലയിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി ആരംഭിച്ചുകഴിഞ്ഞു. ഏറ്റവും കൂടുതൽ വികസനം വരുന്നത് കൊച്ചിയിലാണ്. അതിന്റെ പശ്ചാത്തലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെവേഗത്തിൽ ഉണ്ടാക്കിക്കൊടുത്തേ മതിയാകൂ. അതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. മെട്രോ ട്രെയിൻ സംവിധാനം തത്വത്തിൽ അംഗീകരിച്ചു. അതിന്റേയും പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കാൻ ഏൽപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രത്യേക ശ്രദ്ധയോടുകൂടി ചെയ്യുമെന്നു പറയാൻ ആഗ്രഹിക്കുകയാണ്.

(2) സംസ്ഥാനത്തെ നെൽപ്പാടങ്ങൾ ദുർവിനിയോഗം ചെയ്യുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, സംസ്ഥാനത്തെ നെൽപ്പാടങ്ങൾ തരിശിടുകയും നികത്തുകയും ചെയ്യുന്നതുകാരണം വളരെ ഗുരുതരമായ പ്രതിസന്ധികൾ കേരളത്തിൽ ഉടലെടുത്തിരിക്കുകയാണ്. പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് അതിന്റെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും അതിവേഗത്തിൽ കുറയുന്നതു കാരണം കേരളം നേരിടുന്ന തകർച്ച കേരളത്തിന്റെ ഭാവിയോട് പ്രതിജ്ഞാബദ്ധതയുള്ള മുഴുവൻപേരുടേയും പ്രസ്ഥാനങ്ങളുടേയും ശ്രദ്ധ പതിയേണ്ട വിഷയമായി മാറിയിരിക്കുകയാണ്. സർക്കാരിന്റെ ഔദ്യോഗിക രേഖയായ ഇക്കണോമിക് റിവ്യൂ നൽകുന്ന കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. കക്ഷി രാഷ്ട്രീയത്തിന് അതീതമായി കേരളത്തോട് പ്രതിബദ്ധതയുള്ള മുഴുവൻ പ്രസ്ഥാനങ്ങളും സാമൂഹ്യ സംഘടനകളും വ്യക്തികളും ഈ കണക്കുകൾ ശ്രദ്ധിക്കേണ്ടതാണ്. 1975-ൽ 8.75 ലക്ഷം ഹെക്ടർ ഭൂമിയിൽ നെൽകൃഷി നടത്തിയിരുന്നു. ഇപ്പോൾ അത് 2.87 ലക്ഷം ഹെക്ടർ ആയി മാറിയിരിക്കുകയാണ്. നെൽവയൽ കാർഷികേതരാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത അടുത്ത കാലത്ത് അതിവേഗതയിൽ രൂക്ഷമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. 2000-2001-ൽ നെൽപ്പാട വിസ്തൃതിയിൽ മുൻ വർഷത്തേക്കാൾ 2319

ഹെക്ടറിന്റെ കുറവുണ്ടായി. 2001-02-ൽ 25,067 ഹെക്ടർ, 2002-03-ൽ 11,847 ഹെക്ടർ, 2003-04-ൽ 23,151 ഹെക്ടറും നെൽപ്പാടങ്ങൾ നികത്തപ്പെട്ടു എന്നാണ് സർക്കാരിന്റെ രേഖയായ ഇക്കണോമിക് റിവ്യൂ ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ടു മാത്രം 60,095 ഹെക്ടർ നെൽപ്പാടങ്ങൾ നികത്തപ്പെട്ടു എന്ന ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് നമ്മുടെ മുൻപിലുള്ളത്. ഈ കണക്കുകൾ പ്രകാരം ഓരോ ദിവസവും ശരാശരി 165 ഹെക്ടർ നെൽപ്പാടങ്ങൾ ഇല്ലാതാകുകയാണ്. ഈ സ്ഥിതി തുടർന്നാൽ ഈ കണക്ക് പറയുന്നത് പതിനൊന്ന് വർഷത്തിനകം കേരളത്തിലെ നെൽപ്പാടങ്ങൾ പൂർണ്ണമായി തുടച്ചുനീക്കപ്പെടും എന്നാണ്. മലയാളത്തിലെ കവികൾ നെൽപ്പാടങ്ങളെക്കുറിച്ച് എഴുതിയത് കാണണമെങ്കിൽ നെൽകൃഷിയുള്ള മറ്റേതെങ്കിലും സംസ്ഥാനങ്ങളിലോ, രാജ്യങ്ങളിലോ കേരളത്തിലെ ജനങ്ങൾക്ക് പോകേണ്ടിവരും. ഈ പ്രവണതയുടെ ഫലമായി അരിയുൽപ്പാദനം കഴിഞ്ഞ 25 വർഷത്തിനിടയിൽ പതിമൂന്ന് ലക്ഷം ടണ്ണിൽ നിന്ന് അഞ്ച് ലക്ഷമായി കുറഞ്ഞു. കേരളത്തിന്റെ കാര്യത്തിൽ അരിയുൽപ്പാദനം ആവശ്യത്തിന്റെ 15 ശതമാനം മാത്രമാണ് ഇതുകൊണ്ട് നിറവേറ്റപ്പെടുന്നത്. അതേസമയം ഒരു ഹെക്ടർ നെൽപ്പാടം നൂറ് തൊഴിൽ ദിനങ്ങളാണ് ലഭ്യമാക്കുന്നത്. അഞ്ച് ഹെക്ടർ നെൽപ്പാടങ്ങൾ നശിപ്പിക്കപ്പെട്ടതോടെ പ്രതിവർഷം കാർഷികമേഖലയിൽ 5 കോടി തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു എന്നാണ് കണക്ക്. നെല്ലിന്റെ ഉൽപ്പാദന നഷ്ടത്തിലൂടെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതുമാത്രം ഇതിന്റെ പ്രത്യാഘാതത്തിൽ ഒതുങ്ങിനിൽക്കുന്നതല്ല. മണ്ണിന്റെ ജലസംഭരണശേഷിയേയും നിരവധി ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയേയും നശിപ്പിക്കുകയാണ്. കേരളത്തിന്റെ ഓരോ പ്രദേശത്തേയും സൂക്ഷ്മ കാലാവസ്ഥകൾ രൂപപ്പെടുത്തുന്നതിൽ നെൽപ്പാടങ്ങൾക്ക് അതിപ്രധാനമായ പങ്കുണ്ട്. നെൽക്കൃഷി നശിപ്പിക്കുന്നതോടെ സംസ്ഥാനത്തെ പ്രാദേശിക സൂക്ഷ്മ കാലാവസ്ഥയിൽ ഗുരുതരമായ വ്യതിയാനങ്ങൾ പ്രകടമാകുകയാണ്. ഇപ്പോൾത്തന്നെ വേനലിന്റെ കാഠിന്യം രൂക്ഷമാണെന്ന് ശാസ്ത്രജ്ഞൻമാർ നമുക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയാണ്. ഈ നിലയിൽ പോകുകയാണെങ്കിൽ നെൽവയലുകളുടെ തിരോധാനം കേരളത്തിന്റെ കാലാവസ്ഥയെ തന്നെ ഏതാനും വർഷങ്ങൾക്കുള്ളിൽ കടുത്ത പ്രതിസന്ധിയിൽ എത്തിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭൂമിയെ സംബന്ധിച്ച് ഓസോൺ സുരക്ഷാപാളികളുടെയോ അതിൽ കൂടുതലോ ആയ പ്രാധാന്യം നെൽക്കൃഷിക്കുണ്ട്. ഈ കാര്യങ്ങൾ കണക്കിലെടുത്താൽ നെൽപ്പാടങ്ങൾ തരിശിടുന്നതും ഇതര ആവശ്യങ്ങൾക്കായി ലക്കും ലഗാനുമില്ലാതെ ഉപയോഗിക്കുന്നതും തടയാൻ സർക്കാർ ശക്തമായി ഇടപെടണം. ഇക്കാര്യത്തിൽ നിയമങ്ങൾ ഉണ്ടെങ്കിലും അവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. കക്ഷി രാഷ്ട്രീയത്തിന്റെ പ്രശ്നമല്ല. കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെയും, കേരളത്തിന്റെ വികസനത്തിൽ താൽപ്പര്യമുള്ള മുഴുവൻ സമൂഹത്തിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമായി ഇതിനെ കണക്കിലെടുക്കണം. വന്യജീവിസംരക്ഷണത്തിനായിട്ടുള്ള നിയമങ്ങൾ ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്. അതോടൊപ്പം അതിലും പ്രധാനമായത് നെൽക്കൃഷി ആദായകരമായി നടത്തുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണം എന്നതാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകത്തൊഴിലാളി പ്രസ്ഥാനം ഇന്ന് സർക്കാർ ഓഫീസുകളിലേക്ക് മാർച്ച് നടത്തുകയാണ്. സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായി ഈ പ്രശ്നത്തെ കണക്കിലെടുത്ത് നെൽവയൽ നികത്തി മറ്റ് ആവശ്യങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഉപയോഗിക്കുന്നതിനെതിരെ അടിയന്തിരമായി സർക്കാർ ഇടപെട്ട് നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സഭയുടെ മുൻപാകെ ആവശ്യപ്പെടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നുണ്ട് എന്നുള്ളത് ശരിയാണ് 1975-ൽ 8.81 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷിയുണ്ടായിരുന്നു എങ്കിൽ ഇപ്പോൾ അത് 2.9 ലക്ഷം ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. അതിനൊരു കാരണം നെൽപ്പാടങ്ങൾ നികത്തുന്നത് കൂടുതൽ ലാഭകരമായി വന്നിരിക്കുന്നതാണ്. കൃഷിക്ക് യന്ത്രവൽക്കരണം നടപ്പിലാക്കാൻ താമസിച്ചതിന്റെ ഫലമായി കൃഷിയിൽനിന്നും കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാൻ കാലതാമസം വന്നു, ലാഭം കുറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ലാഭമുള്ള കൃഷിക്കും, മറ്റാവശ്യത്തിനും നിലങ്ങൾ നികത്തുന്ന സമ്പ്രദായം വന്നു. രണ്ടാമതായി കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. ജോലിക്ക് കർഷകത്തൊഴിലാളികളെ കിട്ടാൻ സാധിക്കാത്ത സ്ഥിതിവന്നു. ഇതെല്ലാം കൊണ്ടാണ് നിലങ്ങൾ നികത്താൻ തുടങ്ങിയത്. ഇക്കാലത്ത് നെൽകൃഷിയിൽ ഉൽപാദനക്ഷമത കൂടിയിട്ടുണ്ട്. മുമ്പ് ഒരു ഹെക്ടർ സ്ഥലത്ത് 1518 കിലോഗ്രാം ഉൽപാദിപ്പിച്ചിരുന്നിടത്ത് ഇപ്പോൾ 2218 കിലോഗ്രാം നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഞാൻ മുമ്പു പറഞ്ഞതുപോലെ നെൽപ്പാടങ്ങൾ വ്യാപകമായി നികത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് 1967-ൽ ലാൻഡ് യൂട്ടിലൈസേഷൻ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോഴും കൃഷി ചെയ്യാതിരിക്കുകയും തരിശിടുകയും ചെയ്യുന്നത് സ്വാഭാവികമായും വളർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തരിശിടുന്ന ഭൂമി ഗവണ്മെന്റ് ഏറ്റെടുത്ത് കൃഷി ചെയ്യാനാവശ്യമായ നിയമമുണ്ട്. അതുപോലെ നികത്തലിനുവേണ്ടിയുള്ള നടപടികൾ തടയുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Collector-മാർ നടപടികൾ നടത്തിവരികയുമാണ്. ഫലപ്രദമായി നിലം നികത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

തടയുന്നതിന് എന്തു നടപടി വേണം എന്നു ശുപാർശ ചെയ്യുന്നത് അടുത്ത കാലത്ത് ലാൻഡ് യൂസ് കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി സംഘടിപ്പിച്ചിട്ടുണ്ട്. ആ കമ്മിറ്റി പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ ഭേദഗതികളോ നടപടി ക്രമങ്ങളോ ശുപാർശ ചെയ്യാം. ഇപ്പോൾ നിലം നികത്തുന്നതിന്റെ തോത് കുറഞ്ഞിട്ടുണ്ട്. 1993 മുതൽ 1999 വരെ ആറ് മുതൽ പത്ത് ശതമാനംവരെ നിലം നികത്തിയിരുന്ന സ്ഥലത്ത് 2002 മുതൽ 2004 വരെ ഒന്നുമുതൽ 4 ശതമാനമായി കുറഞ്ഞു. എങ്കിലും നിലം നികത്തുന്നത് തടയുന്നത് ആവശ്യമായിരിക്കുന്നു. പരിസ്ഥിതിയുടെ കാര്യത്തിലും ഭൂമിയുടെ സന്തുലിതാവസ്ഥയെ ബാധിക്കുന്നതിനാലും നെല്ലുൽപ്പാദനം നമ്മളെ സംബന്ധിച്ച് Food Security-യുടെ ഭാഗമായതിനാലും പരിതസ്ഥിതിലംഘനമാകുന്നതിനാലും ഈ കമ്മിറ്റി അത് തടയും. ഈ കമ്മിറ്റിയുടെ ശുപാർശ കിട്ടി നടപ്പിലാക്കുമ്പോൾ നിലം നികത്തൽ കുറേക്കൂടി തടയാൻ പറ്റുമെന്ന് ഗവണ്മെന്റ് വിശ്വസിക്കുകയാണ്. അതിനുള്ള നടപടികൾ എടുത്തുവരികയാണ്.

<u>ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:</u> ലാൻഡ് യൂട്ടിലൈസേഷൻ നിയമപ്രകാരം നെൽവയൽ നികത്തുന്നത് തടയുന്നതിന് നിയമമുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗപ്പെടുന്നില്ല. അതുപോലെ തരിശിടുന്ന നെൽവയലുകളിൽ സർക്കാർതന്നെ മുൻകൈയെടുത്ത് കൃഷി നടത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. ഇത് വളരെ പ്രാധാന്യത്തോടുകൂടി നടപ്പാക്കാൻ സർക്കാർ നടപടി എടുക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> അതാണ് ഞാൻ പറഞ്ഞത്. ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നെൽവയലുകൾ നികത്തുന്നത് സമയത്ത് റിപ്പോർട്ട് ചെയ്യണം. നടപടിയെടുക്കണം ഒഴിപ്പിക്കണമെന്ന്. സാധാരണ റിപ്പോർട്ട് ചെയ്യുന്നത് നിലം നികത്തി തെങ്ങ് വച്ച് തെങ്ങ് കുലച്ചതിനുശേഷമായിരിക്കും. അതുകൊണ്ടാണ് ഏതു വിധത്തിൽ നടപടികൾക്കും മാറ്റം വരണം എന്നു ശുപാർശ ചെയ്യാൻ ലാൻഡ് യൂസ് കമ്മീഷണർ ചെയർമാനായി പുതിയ കമ്മിറ്റി സംഘടിപ്പിച്ചിട്ടുള്ളത്. കൂടുതൽ തരിശ് ആയി നിലം ഇടാതിരിക്കാൻ വേണ്ടി ഒരു ലക്ഷം യുവ കർഷകർക്ക് ജോലി കൊടുക്കുന്നതിന്റെ ഭാഗമായി തരിശായി കിടക്കുന്ന നിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ എടുക്കുവാനുള്ള നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly